**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3778

19.03.2018-ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽകരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.ഉമ്മർ**<br>**ശ്രീ വി.കെ.ഇബ്രാഹിം കുഞ്ഞ് :** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിൽ വേണ്ടത്ര മുന്നൊരുക്കമില്ലാതെയാണ് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 2017 സെപ്റ്റംബർ മാസത്തിൽ NIC തയ്യാറാക്കി നടപ്പിലാക്കുന്ന PEARL സംവിധാനത്തിൽ തകരാറുണ്ടാകുകയും വകുപ്പിലെ സേവനങ്ങൾ ഭാഗികമായി തടസ്സപ്പെടുകയും ചെയ്തിരുന്നു. അടിയന്തിരമായി സർക്കാർ ഇടപെടുകയും NIC തകരാർ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. പൂർണ്ണമായി സേവനങ്ങൾ തടസ്സപ്പെടുകയാണെങ്കിൽ മാനുവലായി ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) ബ്ലോക്ക് ഓഫീസുകളിൽ സ്ഥാപിച്ചിട്ടുള്ള നെറ്റ് വർക്ക് ഉപകരണങ്ങൾക്ക് വേണ്ടത്ര യു.പി.എസ് ഇല്ലാത്തതും, സംസ്ഥാന ഡാറ്റാ സെന്ററുകളിൽ സ്ഥാപിച്ചിട്ടുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ സെർവറിന്റെ പോരായ്മയും ആധുനിക വത്ക്കരണത്തിന് പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | ബി) ബ്ലോക്ക് ഓഫീസുകളിൽ സ്ഥാപിച്ചിട്ടുള്ള നെറ്റ് വർക്ക് ഉപകരണങ്ങൾക്ക് ആവശ്യമായ യു.പി.എസ് സംവിധാനം തകരാറിലാകുന്ന വിരളമായ സാഹചര്യങ്ങളിൽ മാത്രമാണ് സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നത്. കൂടാതെ ബ്ലോക്ക് ഓഫീസിലെ വൈദ്യുതി ബിൽ യഥാസമയം ഐ.ടി.മിഷനിൽ നിന്നും ഒടുക്കാത്ത സാഹചര്യങ്ങളിൽ വൈദ്യുതി ബന്ധം തടസ്സപ്പെടാറുണ്ട്. പബ്ലിക് പേൾ സംവിധാനം തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിലേയ്ക്കായി ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിരിക്കുന്ന രജിസ്ട്രേഷൻ സെർവറുകളുടെ ശേഷി കൂട്ടുന്നതിന്റെ ഭാഗമായി പുതിയ സെർവറുകൾ സ്ഥാപിച്ചു കഴിഞ്ഞു. സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾക്കുമുള്ള ഡാറ്റ പ്രത്യേക സെർവറുകളിലേക്ക് മാറ്റുന്നതിലൂടെ പബ്ലിക് പേൾ സംവിധാനം കൂടുതൽ കാര്യക്ഷമമാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**